**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1701** | **08-02-2023 - ൽ മറുപടിയ്ക്ക്**

**ഉന്നത വിദ്യാഭ്യാസ രംഗത്തെ വിദ്യാർത്ഥികൾക്ക് പാർട്ട് ടൈം ജോലി നൽകുന്ന പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. ശൈലജ ടീച്ചർ | | ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | ഉന്നത വിദ്യാഭ്യാസ രംഗത്തെ വിദ്യാർത്ഥികൾക്ക് പാർട്ട് ടൈം ജോലി നൽകുന്ന പദ്ധതികൾ നിലവിൽ ഉണ്ടോ;എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (എ) | ഉന്നത വിദ്യാഭ്യാസ രംഗത്തെ വിദ്യാർത്ഥികൾക്ക് പാർട്ട് ടൈം ജോലി നൽകുന്ന പദ്ധതികൾ നിലവിലില്ല. എന്നാൽ കോളേജ് വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള സർക്കാർ കോളേജുകളിലെ വിദ്യാർത്ഥികൾക്ക് പഠനത്തോടൊപ്പം തൊഴിലിൽ ഏർപ്പെടുന്നതിനും സാമ്പത്തികഭദ്രത കൈവരിക്കുന്നതിനുമായി Earn While You Learn എന്ന പദ്ധതി ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ ഭാഗമായി വിദ്യാർത്ഥികൾക്ക് പഠനത്തെ ബാധിക്കാതെ, ഒഴിവ് സമയങ്ങളിൽ നിരവധി ഓൺലൈൻ, ഓഫ്‌ലൈൻ ജോലികളിൽ ഏർപ്പെടുന്നതിന് അവസരം ഒരുക്കിനൽകിയിട്ടുണ്ട്. വിവിധ വസ്തുക്കളുടെ നിർമ്മാണ പ്രവർത്തനങ്ങൾ, ഓൺലൈൻ ജോബ്, കോളേജുകളിൽ തന്നെ ചെയ്യാൻ കഴിയുന്ന അറ്റകുറ്റപണികൾ, കഴിഞ്ഞ സ്വാതന്ത്ര്യദിനത്തോടനുബന്ധിച്ച് എല്ലാ കോളേജുകളിലും നിർമ്മിച്ച ഫ്രീഡം വാളിന്റെ നിർമ്മാണം, അടുക്കളത്തോട്ട നിർമ്മാണം എന്നിവയ്ക്ക് വേണ്ട സാമ്പത്തിക സഹായം കോളേജ് വിദ്യാഭ്യാസ വകുപ്പിൽ നിന്നും നൽകുകയും അതോടൊപ്പം തൊഴിൽ വകുപ്പുനിശ്ചയിച്ചിട്ടുള്ള വേതനം വിദ്യാർത്ഥി കൾക്ക് നൽകുവാനും കഴിഞ്ഞിട്ടുണ്ട്.<br><br>വിദ്യാർത്ഥികൾക്ക് പഠനത്തോടൊപ്പം വരുമാനം എന്ന ആശയം അടിസ്ഥാനമാക്കി സാങ്കേതിക വിദ്യാഭ്യാസവകുപ്പിന് കീഴിലെ തെരഞ്ഞെടുത്ത പോളിടെക്നിക് കോളേജുകളിൽ പരീക്ഷണാടിസ്ഥാനത്തിൽ PAT (പ്രൊഡക്ഷൻ & ട്രെയിനിങ്) സെന്ററുകൾ സ്ഥാപിച്ചു പ്രവർത്തിപ്പിച്ചു വരുന്നു. തൊഴിൽ ദാതാക്കളായ സാങ്കേതിക വിദഗ്ധരെ സൃഷ്ടിക്കുന്നതിന്റെ ഭാഗമായി വകുപ്പിന് കീഴിലെ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിൽ IOC (ഇൻഡസ്ട്രി ഓൺ ക്യാമ്പസ്) പദ്ധതി നടപ്പിലാക്കി |

| | | | |
|---|---|---|---|
| | | | വരുന്നു. സംസ്ഥാനത്തെ കോളേജുകളിൽ Mini Industrial Units ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് പെരുമ്പാവൂർ സർക്കാർ പോളിടെക്ക്നിക്ക് കോളേജിൽ ടി കേന്ദ്രം ആരംഭിക്കുന്നതിന് 116.92 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ പദ്ധതിയുടെ ഭാഗമായി RLV സംഗീതകോളേജിൽ മിനി ഇൻഡ്‌ട്രിയൽ യൂണിറ്റിന് ഭരണാനുമതി നൽകിയിട്ടുണ്ട്.<br><br>കരിക്കുലം പരിഷ്കരണത്തിന്റെ ഭാഗമായി ഇന്റേൺഷിപ്പ്, അപ്രന്റിസ്ഷിപ്പ് ഇവ പഠനപ്രക്രിയയുടെ ഭാഗമാകുന്നത് പരിഗണിയ്ക്കുന്നുണ്ട്.<br><br>മേൽ സൂചിപ്പിച്ചിട്ടുള്ള പദ്ധതികൾ അല്ലാതെ ഉന്നത വിദ്യാഭ്യാസ രംഗത്തെ വിദ്യാർത്ഥികൾക്ക് പാർട്ട് ടൈം ജോലി നൽകുന്ന പ്രത്യേകം പദ്ധതികൾ ആരംഭിക്കുന്ന കാര്യം നിലവിൽ പരിഗണനയിലില്ല. |
| (ബി) | പ്രസ്തുത പദ്ധതി നിലവിൽ ഇല്ലെങ്കിൽ ആയത് ആരംഭിക്കുന്ന വിഷയം പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കാമോ? | (ബി) | ‘എ ’ യിൽ മറുപടി നൽകിയിരിക്കുന്നു |

സെക്ഷൻ ഓഫീസർ